തിരുവനന്തപുരം,
04.01.2018

നം. 22444/എച്ച്.കെ.ബി3/2016/നി.സെ.

## ലഘുഭക്ഷണശാല ക്വട്ടേഷൻ പരസ്യം

നിയമസഭാ സമുച്ചയത്തിൽ ലഘുഭക്ഷണശാല നടത്തുന്നതിനുവേണ്ടി ലഘുഭക്ഷണശാല നടത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും/സംഘങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ലഘുഭക്ഷണശാല നടത്തുന്നതിനുള്ള കാലാവധി ആയത് അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കായിരിക്കും.

ക്വട്ടേഷൻ 2018 ജനുവരി 10-ാം തീയതി രാവിലെ 11.00 മണിക്ക് മുമ്പായി സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ മുദ്രവച്ച കവറിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ കവറിനു പുറത്ത് "ലഘുഭക്ഷണശാല നടത്തുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനോടൊപ്പം പരിചയം തെളിയിക്കുന്ന രേഖകളും ഹാജരാക്കേണ്ടതാണ്.

ക്വട്ടേഷനുകൾ 2018 ജനുവരി 10-ാം തീയതി ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സെക്രട്ടേറിയറ്റിലെ ഹൗസ്കീപ്പിംഗ് അണ്ടർ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്.

നിർദ്ദിഷ്ട തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. ഏതെങ്കിലും ക്വട്ടേഷൻ മാറ്റിവയ്ക്കുന്നതിനോ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള നിശ്ചിതഫോറവും ലഘുഭക്ഷണശാല നടത്തിപ്പ് സംബന്ധിച്ച നിബന്ധനകളും ഹൗസ്കീപ്പിംഗ് സെക്ഷനിൽ നിന്നും ലഭ്യമാണ്.

ജേക്കബ്.വി.എ,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി.

SK/House Keeping/Tender